(സി) ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുസ്ലിം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റ് പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്കോളർഷിപ്പിൽ എല്ലാ ജില്ലകളിലെയും കുട്ടികൾ ഉൾപ്പെടുന്നതാണ്.

(ബി) ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എഞ്ചിനീയറിംഗ് പ്രവേശനയോഗ്യതയും മാർക്കിളവ് സമ്പ്രദായവും

48 (2539) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ മേഖലകളിലെ എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാമെന്നും ഓരോ കോളേജിലും ഏതെല്ലാം ഐച്ഛിക വിഷയങ്ങൾക്ക് അനുമതിയുണ്ടെന്നും 2014-15 -ൽ ഓരോ ഐച്ഛിക വിഷയത്തിനുമായി എത്ര ബി.ടെക്./എം.ടെക്./മറ്റു വിഭാഗങ്ങൾളിൽ എത്ര സീറ്റുകൾ ഉണ്ടായിരുന്നുവെന്നും എത്ര സീറ്റുകളിൽ അഡ്മിഷൻ നടന്നുവെന്നും എത്ര സീറ്റുകൾ ഒഴിഞ്ഞുകിടന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) 2015-16 ഓരോ വിഭാഗത്തിലും എത്ര സീറ്റുകളിൽ അഡ്മിഷനായി അപേക്ഷക്ഷണിച്ചിട്ടുണ്ട് എന്നും, എത്ര കുട്ടികൾ എൻട്രൻസ് പരീക്ഷവഴി യോഗ്യതനേടി എന്നും 2014-15-നുശേഷം എത്ര സ്ഥാപനങ്ങൾക്ക് അനുമതി നൽകിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ എഞ്ചിനീയറിംഗ് അഡ്മിഷൻ ലഭിക്കാനുള്ള അടിസ്ഥാന യോഗ്യത എന്തായിരുന്നുവെന്നും അതിൽ എന്തെല്ലാം ഇളവുകൾ നല്കിയെന്നും വ്യക്തമാക്കുമോ ;

(ഡി) മാർക്കിളവ് സമ്പ്രദായത്തെക്കുറിച്ച് പഠിക്കാൻവേണ്ടി ഒരു ഉന്നതതല സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) 2015-16-ൽ എഞ്ചിനീയറിംഗ് അഡ്മിഷനുള്ള സർക്കാർ സീറ്റുകൾ എത്ര ; മറ്റ് വിവിധ സീറ്റുകൾ എത്ര ; വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 വർഷത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റിന് ലഭ്യമായതും/നൽകിയതും/ഒഴിഞ്ഞു കിടക്കുന്നതുമായ ബി.ടെക്, എം.ടെക് കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) 2015-16 അദ്ധ്യയന വർഷത്തിൽ അലോട്ട്മെന്റിന് ലഭ്യമായ ബി.ടെക്, എം.ടെക് സീറ്റുകളുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

2015-16-ൽ പ്രവേശന പരീക്ഷവഴി 55180 പേർ എഞ്ചിനീയറിംഗിനും 2275 പേർ ആർക്കിടെക്ചർ കോഴ്സിനും യോഗ്യത നേടിയിട്ടുണ്ട്.

ക്രൈസ്റ്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ഇരിങ്ങാലക്കുട, പ്രോവിഡൻസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചെങ്ങന്നൂർ എന്നീ രണ്ട് കോളേജുകളെ ഒന്നാം ഘട്ട അലോട്ട്മെന്റിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) എഞ്ചിനീയറിംഗ് പ്രവേശനത്തിന്റെ യോഗ്യത സംബന്ധിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

(ഡി) പ്രസ്തുത നിർദ്ദേശങ്ങളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

(ഇ) 2015-16 അദ്ധ്യയന വർഷത്തെ എം.ടെക് പ്രവേശനത്തിനുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	എം. ടെക്
തിരുവനന്തപുരം	561
കൊല്ലം	104
ആലപ്പുഴ	86
കോട്ടയം	144
പത്തനംതിട്ട	50
എറണാകുളം	175
തൃശ്ശൂർ	198
പാലക്കാട്	95
മലപ്പുറം	....
ഇടുക്കി	144
വയനാട്	36
കോഴിക്കോട്	54
കണ്ണൂർ	90
കാസർഗോഡ്	42
ആകെ	1779

ബി.ടെക് സീറ്റുകളുടെ വിവരങ്ങൾ അന്യത്ര ചേർക്കുന്നു.*

കണ്ണൂർ സർവ്വകലാശാലയിലെ ചട്ടവിരുദ്ധ ഇടപാട്

49 (2540) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സർവ്വകലാശാലയുടെ ചട്ടവിരുദ്ധ ഇടപാടുകളിൽ 7.49 കോടി രൂപയുടെ അധിക ബാദ്ധ്യത വന്നതായി ഓഡിറ്റിൽ കണ്ടെത്തിയതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) കൂടാതെ, ആസ്ഥാന മന്ദിരനിർമ്മാണത്തിനായുള്ള ഭൂമി നിരപ്പാക്കലിന് ടെണ്ടർ നടപടികൾ പാലിക്കാതെയാണ് കരാർ നൽകിയതെന്ന ആരോപണം ശരിയാണോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.